**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

## <u>ഗ്രാമീണറോഡുകളുടെ തകരാറുകൾ പരിഹരിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4186

20-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. കെ.ഡി. പ്രസേനൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | സാമ്പത്തിക പുരോഗതിയുടെ അനിവാര്യ ഘടകമായ ഗ്രാമീണ റോഡുകളിൽ വലിയൊരു ഭാഗം തകരാറിലായിരിക്കുന്നത് പരിഹരിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ വ്യത്യസ്ത പദ്ധതികൾക്ക് കീഴിൽ ഏറ്റെടുത്ത് വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഫണ്ട് (റോഡ്) ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പുറമെ മാനദണ്ഡങ്ങൾക്ക് വിധേയമായി നിയോജക മണ്ഡല ആസ്തിവികസന ഫണ്ട്, പ്രാദേശിക വികസനത്തിനുള്ള പ്രത്യേക ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തിയും അത്യാവശ്യ ഘട്ടങ്ങളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവയും ഉപയോഗപ്പെടുത്തി ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. പ്രധാന മന്ത്രി ഗ്രാമസഡക് യോജന പ്രകാരം നിർമ്മിച്ച റോഡുകളുടെ തകരാറുകൾ പൂർത്തീകരണ തീയതി മുതൽ 5 വർഷം വരെ കരാറുകാരൻ മുഖാന്തിരം തന്നെ പരിഹരിക്കുന്നു. |
| (ബി) | പുതുതായി എത്ര ദൈർഘ്യത്തിൽ ഗ്രാമ വീഥികൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; തൊഴിലുറപ്പു പദ്ധതിക്കു കീഴിൽ ഗ്രാമവീഥി നിർമ്മാണവും പുനരുദ്ധാരണവും നടത്താറുണ്ടോ; | | പ്രധാന മന്ത്രി ഗ്രാമസഡക് യോജന പ്രകാരം 687.525 കി.മീ.ദൈർഘ്യം വരുന്ന ഗ്രാമ വീഥികൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമപ്രദേശങ്ങളിൽ 3040 കിലോമീറ്റർ ദൈർഘ്യംവരുന്ന |

| | | | |
|---|---|---|---|
| | | | പുതിയ ടാർ റോഡുകൾ നിർമ്മിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 പട്ടിക I വിഭാഗം ഡി പ്രകാരം ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദിഷ്ട ഗ്രാമീണ ഉൽപാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള ഗ്രാമീണ റോഡുകളുടെയും, എല്ലാ കാലാവസ്ഥ യിലും ഉപയോഗിക്കാൻ കഴിയുന്ന ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും നിർമ്മാണം ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ സംസ്ഥാന മൊട്ടാകെ 770.534 കിലോമീറ്റർ ദൈർഘ്യം വരുന്ന ഗ്രാമവീഥികളുടെ നിർമ്മാണം ഏറ്റെടു ത്തിട്ടുണ്ട്. |
| (സി) | പ്രധാനമന്ത്രിയുടെ ഗ്രാമവീഥി പദ്ധതി പ്രകാരം (PMGSY) നിലവിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും പുതിയ റോഡുകളുടെ നിർമ്മാണത്തിനും ലഭിച്ച സഹായം അറിയിക്കാമോ ? | | പ്രധാനമന്ത്രി ഗ്രാമവീഥി പദ്ധതി പ്രകാരം സംസ്ഥാനത്ത് പദ്ധതികൾക്കായി ആകെ 171695.43 ലക്ഷം രൂപയുടെ അംഗീകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**